30 (2721) ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി ഒപ്പുവച്ച കരാർ

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃപ്പൂണിത്തുറ ഹിൽപാലസിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സേപ്സ് തിയേറ്ററിന്റെ ഉപകരണങ്ങൾ വാങ്ങുന്നതുമായി ബന്ധപ്പെട്ട് ജപ്പാനിലെ ഗോട്ടോ കമ്പനിയുമായി കരാർ ഒപ്പുവച്ചത് എന്നാണ്;

(ബി) പ്രസ്തുത കരാറിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) ഗോട്ടോ കമ്പനി ഇപ്പോൾ സമർപ്പിച്ചിരിക്കുന്ന കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം ആണ്;

(ഡി) ഇതിൽ ഏതെല്ലാം കാര്യങ്ങളാണ് ആദ്യത്തെ ഓഫറിൽനിന്നും വ്യത്യസ്തമായിട്ടുള്ളത്;

(ഇ) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി എഴുതിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണ്;

(എഫ്) ഈ പ്രോജക്ടിനായി സംസ്ഥാന സർക്കാർ 1996-97, 1997-98, 1998-99, 1999-2000 വർഷങ്ങളിൽ നീക്കിവച്ച തുക എത്രയാണ്;

(ജി) ഹിൽ പാലസിലെ സന്ദർശകർക്കായി നിർമ്മിച്ച 16 എം.എം. ഛായാചിത്രത്തിന് നിർമ്മാതാവിന് 50,000 രൂപ നൽകുന്നതിന് സൊസൈറ്റി തീരുമാനിക്കാനുണ്ടായ കാരണമെന്താണ്;

(എച്ച്) ഏതു തീയതിയിൽ നടന്ന യോഗത്തിലാണ് ഈ തീരുമാനം എടുത്തത് എന്നും പ്രസ്തുത യോഗത്തിൽ പങ്കെടുത്തവർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഐ) യോഗത്തിൽ പങ്കെടുത്ത ആരെങ്കിലും ഈ തീരുമാനത്തിന്മേൽ വിയോജനക്കുറിപ്പ് എഴുതിയിട്ടുണ്ടോ?

ഉത്തരം

(എ) 19.10.1994 ൽ

(ബി) കരാറിന്റെ കോപ്പി അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി)&(ഡി)കമ്പനി സമർപ്പിച്ച ഓഫർ പരിശോധിക്കുന്നതേയുള്ളൂ.

(ഇ) ഇതുസംബന്ധിച്ച കത്തിടപാടുകൾ കേന്ദ്രഗവൺമെന്റുമായി നടത്തിവരുന്നു.

(എഫ്) തുകയൊന്നും നീക്കിവച്ചിട്ടില്ല.

(ജി),(എച്ച്)&(ഐ) വിവരം ശേഖരിച്ചുവരുന്നു.

31 (2722) സാംസ്കാരിക നായകന്മാരെ ആദരിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കലാസാംസ്കാരിക സാഹിത്യരംഗങ്ങളിൽ പ്രവർത്തിച്ചിരുന്ന കാർട്ടൂണിസ്റ്റ് ശങ്കർ, മാങ്കുളം വിഷ്ണു നമ്പൂതിരി, തോപ്പിൽ ഭാസി, കാമ്പിശ്ശേരി കരുണാകരൻ, പി. കേശവദേവ്, കെ.പി.എ.സി. കേശവൻ പോറ്റി തുടങ്ങി മൺ മറഞ്ഞ സാംസ്കാരിക നായകന്മാരെ ആദരിക്കാൻ സാംസ്കാരിക വകുപ്പ് എന്തെങ്കിലും നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന പരിപാടികളിൽ മൺമറഞ്ഞ സാംസ്കാരിക നായകന്മാരെ അനുസ്മരിച്ച് ആദരിക്കാറുണ്ട്.

32 (2723) കേരള കലാമണ്ഡലം

ശ്രീ. കെ. സുധാകരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലം ഒരു സർവകലാശാലയാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതുവരെ കൈക്കൊണ്ടിട്ടുണ്ട്;

(സി) ഈ സ്ഥാപനം എന്നേയ്ക്ക് സർവകലാശാലയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ).(ബി)&(സി) കേരള കലാമണ്ഡലം ഒരു കല്പിത സർവകലാശാല (ഡീംഡ് യൂണിവേഴ്സിറ്റി) യാക്കണമെന്ന് സംസ്ഥാന സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനും കേന്ദ്രസർക്കാരുമാണ്.

33 (2724) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പി.ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എത്ര പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു;

(ബി) ഇവയുടെ എത്ര കോപ്പിവീതം അച്ചടിച്ചുവെന്നും എത്ര കോപ്പി വീതം വിറ്റഴിഞ്ഞുവെന്നും അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly